പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1903 04.12.2018-ലെ മറുപടിക്ക്

## ചാലക്കുടി ഡിപ്പോയിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ

ചോദ്യം

ശ്രീ.ബി.ഡി.ദേവസ്സി

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ വിവിധ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി. അതീവ ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ കോർപ്പറേഷന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് വിശദ പഠനം നടത്തുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൊൽക്കത്തയിലെ റിട്ടയേർഡ് പ്രൊഫസർ ശ്രീ. സുശീൽ ഖന്നയെ കൺസൾട്ടന്റായി സർക്കാർ നിയോഗിച്ചിരുന്നു. ശ്രീ. സുശീൽ ഖന്ന സമർപ്പിച്ച ഇടക്കാല റിപ്പോർട്ട് പ്രകാരം കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ കൂടുതലാണെന്ന് കണ്ടതിനാൽ ഈ അനുപാതം ദേശീയ ശരാശരിക്കൊപ്പമെത്തിക്കാൻ കോർപ്പറേഷൻ ശ്രമിച്ചുവരികയാണ്. നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ എല്ലാ വിഭാഗം ജീവനക്കാരുടെയും എണ്ണം ദേശീയ ശരാശരിയേക്കാൾ അധികമാണ്. ആയതിനാൽ തസ്തികകൾ ഒന്നും ഒഴിഞ്ഞു കിടക്കുന്നില്ല. |

| | | | |
|---|---|---|---|
| (ബി) | ചാലക്കുടി ഡിപ്പോയിൽ സ്റ്റേഷൻ മാസ്റ്റർ, ട്രാഫിക് കൺട്രോൾ ഇൻസ്പെക്ടർ, ഡ്രൈവർമാർ (10) എന്നീ തസ്തികകളിൽ ജീവനക്കാരെ നിയമിക്കാത്തതുമൂലം പ്രവർത്തനത്തിൽ പോരായ്മ വരുന്നത് പരിഹരിക്കുന്നതിനായി പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ചാലക്കുടി ഡിപ്പോയിൽ 3 സ്റ്റേഷൻ മാസ്റ്റർ തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ 2 പേരും 5 ഇൻസ്പെക്ടർമാരെ അനുവദിച്ചിട്ടുള്ളതിൽ 4 പേരും നിലവിലുണ്ട്. 99 ഡ്യൂട്ടിക്ക് 119 ഡ്രൈവർമാരെ ആവശ്യമുള്ളതിൽ 134 ഡ്രൈവർമാർ നിലവിലുണ്ട്. ആയതിനാൽ ഡ്രൈവർ തസ്തികയിൽ ജീവനക്കാർ കുറവില്ല. ഓപ്പറേഷൻ, ഫിനാൻസ് എന്നിവയിൽ പുനഃസംഘടന നടക്കുന്നതിനാൽ അധിക സാമ്പത്തിക ബാധ്യത വരുത്തുന്ന നടപടികളൊന്നും സ്വീകരിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല. |
| (സി) | പ്രളയത്തിൽ നാശം സംഭവിച്ച്, ഓടിക്കാൻ കഴിയാത്ത അവസ്ഥയിലായ ബസ്സുകൾക്ക് പകരം പുതിയ ബസ്സുകൾ അനുവദിയ്ക്കുന്നതിനും ഗ്രാമീണ മേഖലയിലേയ്ക്ക് നേരത്തെ നടത്തിയിരുന്ന ലാഭകരമായ ട്രിപ്പുകൾ നിർത്തലാക്കിയത് പുനഃരാരംഭിയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ? | (സി) | ചാലക്കുടി ഡിപ്പോയിൽ പ്രളയത്തിൽ തകരാർ സംഭവിച്ച 2 ബസുകൾ നിലവിൽ ഇൻഷ്വറൻസ് കവറേജിൽ, കമ്പനിയിൽ അറ്റകുറ്റപണികൾ ചെയ്തു വരികയാണ്. തകരാർ പരിഹരിച്ച് ഇവ ഉടൻതന്നെ ഡിപ്പോയ്ക്ക് നൽകുന്നതാണ്. യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമായിട്ടുള്ളതും, ലാഭകരമായിട്ടുള്ളതുമായ സർവ്വീസുകളൊന്നും റദ്ദ് ചെയ്തിട്ടില്ല. ലാഭകരമല്ലാത്ത സർവ്വീസുകൾ / ട്രിപ്പുകൾ പുനഃക്രമീകരിക്കുകയാണ് ഉണ്ടായിട്ടുള്ളത്. ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചപ്പോൾ ലാഭകരമായ ട്രിപ്പുകളൊന്നും തന്നെ നിർത്തൽ ചെയ്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**